ഉണ്ടാക്കി ടി സ്ഥലങ്ങളിൽ പെട്രോളിംഗ് ശക്തമാക്കുകയും ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ആഹ്ലാദപ്രകടനം നടത്തിയവർക്കെതിരെ ആക്രമണം**

82 (738)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലെ ചിതറ നിയോജകമണ്ഡലത്തിൽ 2000-ാമാണ്ട് ഏപ്രിൽ മാസത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ചത് ഏത് കക്ഷിയുടെ സ്ഥാനാർത്ഥിയാണ്;

(ബി) ഈ വിജയത്തിൽ ആഹ്ലാദ പ്രകടനം നടത്തിയവർ അക്രമിക്കപ്പെടുകയുണ്ടായോ; ആരെല്ലാമാണ് ആക്രമിക്കപ്പെട്ടത്;

(സി) അക്രമിച്ചവർ ആരാണ്; അവർ ഏതു കക്ഷിയിൽപ്പെട്ടവരാണ്;

(ഡി) ആക്രമണം നടത്തിയവർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ;

(ഇ) അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(എഫ്)ഈ കേസ്സിന്റെ ഇപ്പോഴത്തെ നിലയെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോൺഗ്രസ്സ് (ഐ) സ്ഥാനാർത്ഥിയാണ് വിജയിച്ചത്.

(ബി)-(എഫ്) ആഹ്ലാദ പ്രകടനം നടത്തിയവരിൽ അബ്ദുൽ ലത്തീഫ്, ശിഹാബുദ്ദീൻ, യൂസഫ്, ബൈജു എന്നിവർ ആക്രമിക്കപ്പെടുകയുണ്ടായി. സംഭവത്തോടനുബന്ധിച്ച് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ 143/2000 നമ്പരായി ഒരു കേസ്സെടുത്ത് അന്വേഷണം നടത്തിവരുകയാണ്.

**കേസ്സന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുവാൻ നടപടി**

83 (739)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ ചെറിയ കൊണ്ണി മണമ്പൂർ ശ്രീ. എസ്. ഗിരീശന്റെ ഭാര്യ ശ്രീമതി ബിന്ദു 22/5/1998-ൽ മരണപ്പെട്ട കാര്യത്തെ സംബന്ധിച്ച് ശ്രീമതി ബിന്ദുവിന്റെ പിതാവ് പേയാട് പുളിയറക്കോണം, നാറക്കോട് തെക്കിൻകര പുത്തൻവീട്ടിൽ ശ്രീ. എ. വസന്തൻനായർ അന്വേഷണം ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ടോ;

(ബി) 4/7/1998-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു നൽകിയ പരാതിയിൽ സ്വീകരിച്ച നടപടിയെപ്പറ്റി വ്യക്തമാക്കുമോ;

(സി) ഈ കേസ്സ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly